വർദ്ധിച്ചു വരുന്ന വാഹന അപകടം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) വാഹന അപകടങ്ങൾ ഇല്ലതാക്കുന്നതിനായി ട്രാഫിക് പോലീസ് എന്തെങ്കിലും കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള നാഷണൽ ഹൈവേയിൽ പ്രധാന ടൗണുകളിലും നന്തി, വെങ്ങളം, ചെങ്ങോട്ടുകാവ് റയിൽവേ സ്റ്റേഷനുകളിലും അപകട മേഖലകളായ മൂടാടി, പാലക്കുളങ്ങര, ആനക്കുളം ചെങ്ങോട്ടുകാവ് എന്നിവിടങ്ങളിലും ട്രാഫിക് ഡ്യൂട്ടിയായി പേലീസുകാരെ നിയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കുറയ്ക്കാൻ ഹൈവേകളിൽ നിരന്തരമായി വെഹിക്കിൾ ചെക്കിംഗ് നടത്തിയും, റോഡുകളിൽ ഡിവൈഡറുകൾ സ്ഥാപിച്ചും അമിത വേഗതയിലും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നുമുണ്ട്.

പൊതു പണിമുടക്കും ഹർത്താലും നിരോധിച്ചു കൊണ്ടുള്ള നടപടി

72 (80) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു പണിമുടക്കും ഹർത്താലും നിരോധിച്ചുകൊണ്ടുള്ള കേരള ഹൈക്കോടതി വിധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൻമേൽ ഗവൺമെന്റിന്റെ പ്രതികരണം എന്തെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഹൈക്കോടതി വിധി പരിശോധിച്ചു വരികയാണ്.

നിർബന്ധിത ഹർത്താൽ നിരോധിച്ച നടപടി

73 (81) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർബന്ധിത ഹർത്താൽ ഭരണഘടനാ വിരുദ്ധമായും ഇപ്രകാരം ഹർത്താൽ നടത്തുന്ന രാഷ്ട്രീയ പാർട്ടികളുടെ അംഗീകാരം റദ്ദാക്കണമെന്ന് ഇലക്ഷൻ കമ്മിഷനോട് ആവശ്യപ്പെട്ടുകൊണ്ടും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഈയിടെ പുറപ്പെടുവിച്ച വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ബഹു.ഹൈക്കോടതിയുടെ ഈ വിധിയുടെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) 1998 സെപ്റ്റംബർ മാസം 25-ാം തീയതി സംസ്ഥാനത്ത് സി.പി.ഐ(എം) നടത്തിയ ഹർത്താൽ നിർബന്ധിത ഹർത്താലായതിനാൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹു:ഹൈക്കോടതി ഇലക്ഷൻ കമ്മിഷനോട് വിധിന്യായത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; വിധി പകർപ്പിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ഹർത്താലിനെ നേരിടുന്നതിനായി സർക്കാർ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുക പതിവുള്ളതെന്ന് വിശദമാക്കാമോ ;

(ഇ) ബഹു.ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നല്കുന്നതിനു സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) വിധി പകർപ്പ് ലഭിച്ചിട്ടുണ്ട്. ആയത് പഠിശോധിച്ചു വരുന്നു. കോപ്പി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കാനുമുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

(ഇ) ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

വ്യാജമദ്യ വിൽപ്പനയുമായി ബന്ധപ്പെട്ട കേസ്സുകൾ

74 (82) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ വ്യാജമദ്യ വിൽപ്പനയുമായി ബന്ധപ്പെട്ട് കേസ്സുകൾ എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ 2000 മേയ് 31 വരെ ജില്ലയിലെ ഓരോ പോലീസ് സ്റ്റേഷനിലും എടുത്തിട്ടുള്ള കേസ്സുകളുടെ വിവരം പോലീസ് സ്റ്റേഷന്റെ പേര് സഹിതം വർഷം തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly